# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1131 | 06/06/2018-ൽ മറുപടിയ്ക്ക്

## നോക്കുകൂലി നിരോധന നിയമം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.മുരളീധരൻ** | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നോക്കുകൂലി നിരോധന നിയമം നോക്കുകുത്തിയാകുന്ന രീതിയിൽ തൊഴിലാളി സംഘടനകൾ ഇടപെടൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അനധികൃതമായി നോക്കുകൂലി വാങ്ങുന്നവർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ബി) | അമിതമായി കൂലി കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്.കോൾ സെന്റർ വഴിയോ നേരിട്ടോ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും കർശന തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുവാനും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുവെന്ന രീതിയിലുള്ള പരാതികൾ ലഭിച്ചാൽ ആയവ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ |

വരുത്തുകയും അത് 11 ജില്ലകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.കൂലി ഏകീകരിക്കാത്ത ഇടുക്കി.വയനാട് ,കാസർഗോഡ് ജില്ലകളിൽ ഇതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു .ചുമട്ടുതൊഴിൽ മേഖലയിൽ ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ